# പതിനാറാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**<u>2026 ജൂൺ 30 – ന് സഭ പാസ്സാക്കിയ പ്രമേയം</u>**

രാജ്യത്തെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലേക്കുള്ള പ്രവേശനത്തിനായുള്ള ഏകീകൃത ദേശീയ പ്രവേശന പരീക്ഷയായ നീറ്റ് (NEET) പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട ചോദ്യപേപ്പർ ചോർച്ച, പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടുകൾ, പരീക്ഷാകേന്ദ്രങ്ങളിലെ ഭരണപരവും സാങ്കേതികവുമായ വീഴ്ചകൾ, മാർക്ക് നിർണയത്തിലെയും ഫലപ്രഖ്യാപനത്തിലെയും അപാകതകൾ എന്നിവ മൂലം പരീക്ഷയുടെ വിശ്വാസ്യത, സുതാര്യത, നിഷ്പക്ഷത എന്നിവ ചോദ്യം ചെയ്യപ്പെടുന്ന ഗുരുതരമായ സാഹചര്യത്തിലാണ് ഈ പ്രമേയം സഭയിൽ അവതരിപ്പിക്കുന്നത്.

രാജ്യത്തെ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസ സ്വപ്നങ്ങളെയും ഭാവിജീവിതത്തെയും നിർണയിക്കുന്ന അതീവ പ്രാധാന്യമുള്ള ഒരു ദേശീയ പ്രവേശന പരീക്ഷയുടെ വിശ്വാസ്യത ആവർത്തിച്ച് ചോദ്യം ചെയ്യപ്പെടുകയും പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് നിരന്തരമായി ഉയർന്നുവരുന്ന പരാതികളും അന്വേഷണങ്ങളും കോടതികളുടെ ഇടപെടലുകളും പൊതുസമൂഹത്തിൽ വ്യാപകമായ ആശങ്കയും അവിശ്വാസവും സൃഷ്ടിച്ചിരിക്കുന്ന സാഹചര്യം അതീവ ദൗർഭാഗ്യകരമാണ്. ഇത്തരത്തിലുള്ള സംഭവവികാസങ്ങൾ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും മാനസിക സുരക്ഷിതത്വത്തെയും പൊതുജനങ്ങളുടെ പരീക്ഷാ സംവിധാനത്തോടുള്ള വിശ്വാസത്തെയും ബാധിക്കുന്നതോടൊപ്പം രാജ്യത്തെ പൊതുപ്രവേശന പരീക്ഷാ സംവിധാനത്തിന്റെ വിശ്വാസ്യതയ്ക്കുതന്നെ ഗുരുതരമായ ആഘാതം

സൃഷ്ടിച്ചിരിക്കുകയാണ്. പരീക്ഷാ നടത്തിപ്പിലെ ഗുരുതരമായ വീഴ്ചകളും ക്രമക്കേടുകളും പുറത്തുവന്നിട്ടും അവയുടെ ഗൗരവം യഥാസമയം അംഗീകരിക്കാതെ  ഫലപ്രദമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ കേന്ദ്ര സർക്കാരിന്റെയും ബന്ധപ്പെട്ട കേന്ദ്ര ഏജൻസികളുടെയും സമീപനം പ്രതിഷേധാർഹമാണ്.

കേരളത്തിലെ വലിയൊരു വിഭാഗം വിദ്യാർത്ഥികൾ ഉൾപ്പെടെ രാജ്യത്തുടനീളമുള്ള പരീക്ഷാർത്ഥികൾ വർഷങ്ങളായുള്ള കഠിനാധ്വാനത്തിലൂടെയും ത്യാഗപൂർണമായ തയ്യാറെടുപ്പുകളിലൂടെയും ആർജിച്ച അവസരങ്ങൾ പരീക്ഷാ ക്രമക്കേടുകളുടെയും ഭരണപരമായ വീഴ്ചകളുടെയും ഫലമായി പ്രതികൂലമായി ബാധിക്കപ്പെട്ട സാഹചര്യം അത്യന്തം ഖേദകരവും ഭരണഘടന ഉറപ്പുനൽകുന്ന തുല്യാവസരത്തിന്റെയും സാമൂഹ്യനീതിയുടെയും തത്വങ്ങൾക്ക് നിരക്കാത്തതുമാണ്. ഇത്തരം ആവർത്തിച്ചുണ്ടാകുന്ന സംഭവവികാസങ്ങൾ നിലവിലെ കേന്ദ്രീകൃത ദേശീയ പരീക്ഷാ നടത്തിപ്പ് സംവിധാനത്തിന്റെ കാര്യക്ഷമത, ഉത്തരവാദിത്തം, വിശ്വാസ്യത എന്നിവയെക്കുറിച്ച് ഗൗരവമായ സംശയങ്ങൾ ഉയർത്തുന്നു.

നീറ്റ് (NEET)  പരീക്ഷയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന വിവാദങ്ങൾ ഒറ്റപ്പെട്ട സംഭവങ്ങളല്ലെന്നും, സമീപകാലത്ത് ദേശീയ പരീക്ഷാ ഏജൻസിയായ നാഷണൽ ടെസ്റ്റിംഗ് ഏജൻസി (N.T.A.) സംഘടിപ്പിച്ച നീറ്റ് (NEET-U.G.), കോമൺ യൂണിവേഴ്സിറ്റി എൻട്രൻസ് ടെസ്റ്റ് (C.U.E.T.-U.G.), യു.ജി.സി - സി.എസ്.ഐ.ആർ (U.G.C.-C.S.I.R.) പരീക്ഷകൾ ഉൾപ്പെടെയുള്ള വിവിധ ദേശീയതല പ്രവേശന പരീക്ഷകളിലും, അതോടൊപ്പം സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ (S.S.C.), റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് (R.R.B.) തുടങ്ങിയ കേന്ദ്ര സർക്കാർ ഏജൻസികൾ നടത്തുന്ന നിയമന പരീക്ഷകളിലും ചോദ്യപേപ്പർ ചോർച്ച, പരീക്ഷാ ക്രമക്കേടുകൾ, പരീക്ഷകൾ മാറ്റിവെയ്ക്കൽ,

റദ്ദാക്കൽ, സാങ്കേതിക തകരാറുകൾ, സുരക്ഷാ വീഴ്ചകൾ, ഭരണപരമായ അനാസ്ഥ എന്നിവ ആവർത്തിച്ചുണ്ടായിട്ടുള്ളതും സി.ബി.എസ്.ഇ. (പ്ലസ് ടു) പരീക്ഷയിൽ ഉണ്ടായ ക്രമക്കേടുകളും രാജ്യത്തെ പ്രവേശന-നിയമന പരീക്ഷാ സംവിധാനത്തിൽ ഘടനാപരവും ഭരണപരവുമായ ഗുരുതര പോരായ്മകൾ നിലനിൽക്കുന്നുവെന്നതിന്റെ വ്യക്തമായ സൂചനയാണ്.

പരീക്ഷാ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരെയും സ്ഥാപനങ്ങളെയും സംഘടിത പരീക്ഷാ ക്രമക്കേട് ശൃംഖലകളെയും കണ്ടെത്തി അവരുടെമേൽ മാതൃകാപരമായ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം, ഭരണപരമായ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തം വ്യക്തമായി നിർണയിച്ച് നിയമാനുസൃതമായ ശിക്ഷാനടപടികൾ ഉറപ്പാക്കുകയും പരീക്ഷാ നടത്തിപ്പിലെ എല്ലാ ഘട്ടങ്ങളിലും സാങ്കേതിക സുരക്ഷയും സ്വതന്ത്ര മേൽനോട്ടവും നിർബന്ധമാക്കുന്ന സമഗ്രമായ നിയമ നിർമ്മാണം കേന്ദ്ര സർക്കാർ കൊണ്ടുവന്നാൽ മാത്രമേ ഇത്തരം ക്രമക്കേടുകൾ ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി വിദ്യാർത്ഥികൾ ജീവനൊടുക്കേണ്ടിവന്ന ദാരുണ സംഭവങ്ങൾ ഉണ്ടായ സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ ജീവനും അന്തസ്സും വിദ്യാഭ്യാസാവകാശവും സംരക്ഷിക്കുകയും വിശ്വാസ്യതയുള്ള പരീക്ഷാ സംവിധാനം ഉറപ്പാക്കുകയും ചെയ്യേണ്ടത് ഭരണകൂടത്തിന്റെ അടിസ്ഥാന ഉത്തരവാദിത്തമാണ്.

വിദ്യാഭ്യാസം ഭരണഘടനയുടെ സംയുക്ത പട്ടികയിൽ ഉൾപ്പെടുന്ന വിഷയമാണെന്ന വസ്തുത പരിഗണിച്ചും ഫെഡറൽ സംവിധാനത്തിന്റെ അടിസ്ഥാന തത്വങ്ങൾ മാനിച്ചും ദേശീയ പ്രവേശന പരീക്ഷകളുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുമ്പോൾ സംസ്ഥാന

സർക്കാരുകളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും യഥോചിതമായി പരിഗണിക്കുന്നതിനുള്ള ഫലപ്രദമായ സംവിധാനം ശക്തിപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

രാജ്യത്തെ വിദ്യാർത്ഥികളുടെ ഭരണഘടനാപരമായ അവകാശങ്ങളും തുല്യ അവസരങ്ങളും സംരക്ഷിക്കുകയും ദേശീയ പ്രവേശന പരീക്ഷകളുടെ വിശ്വാസ്യത, സുതാര്യത, നിഷ്പക്ഷത എന്നിവ പൂർണമായി പുന:സ്ഥാപിക്കുകയും ചെയ്യുന്ന തരത്തിൽ ദേശീയ പരീക്ഷാ സംവിധാനം സമഗ്രമായി പരിഷ്കരിക്കുന്നതിനാവശ്യമായ അടിയന്തരവും ഫലപ്രദവുമായ നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

**ഷാജി സി. ബേബി,**
**സെക്രട്ടറി-ഇൻ-ചാർജ്.**